LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി അടങ്കൽ തുക

52 (1426) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷത്തെ അടങ്കൽ തുക എത്രയാണ്;

(ബി) പദ്ധതിയിനത്തിൽ എത്ര തുകവീതം ഓരോവകുപ്പിനും വകയിരുത്തിയിരുന്നു; നാളിതുവരെ ഓരോ വകുപ്പും എത്ര തുക വീതം ചെലവഴിച്ചു; ചെലവഴിച്ച തുക അനുവദിക്കപ്പെട്ട തുകയുടെ എത്ര ശതമാനം വരുമെന്നും വിശദമാക്കാമോ?

ഉത്തരം

(എ) 2015-16 സാമ്പത്തികവർഷത്തെ അടങ്കൽ തുക 20,000 കോടി രൂപയാണ്.

(ബി) പദ്ധതിയിനത്തിൽ വിവിധ വകുപ്പുകൾക്ക് വകയിരുത്തിയ തുക നാളിതുവരെ ഓരോ വകുപ്പുകളും ചെലവഴിച്ച തുക ചെലവഴിച്ച തുകയുടെ ശതമാനം എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി * ചേർത്തിരിക്കുന്നു.

മേജർ ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടുകൾ

53 (1427) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ഊന്നൽ നൽകിയിട്ടുള്ള മേജർ ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടുകൾക്ക് 2014-15, 2015-16 ബഡ്ജറ്റുകളിലെ ഇനിഷ്യൽ ഔട്ട്ലേ മൊത്തം എത്ര രൂപ വീതമായിരുന്നു;

(ബി) 2014-15, 2015-16 വർഷങ്ങളിൽ മേജർ ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടുകൾക്ക് വേണ്ടി ബഡ്ജറ്റ് തുകയിൽനിന്നും എത്ര തുക വീതം പിൻവലിച്ചിട്ടുണ്ട്;

(സി) ഓരോ വർഷത്തെയും ചെലവിന്റെ ശതമാനം എത്ര വീതമാണ്; ആയത് പ്ലാനിംഗ് ബോർഡിന്റെ പ്ലാൻ സ്പേയ്സ്, എക്സ്പെന്റിച്ചർ പ്രോഗ്രസ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മേജർ ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടുകൾക്ക് 2014-15-ൽ 1225 കോടി രൂപയും 2015-16-ൽ 2,000 കോടി രൂപയുമാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്.

(ബി) 2014-15-ൽ 921 കോടി രൂപയും 2015-16-ൽ 8-2-2016-ലെ കണക്ക് പ്രകാരം 307.87 കോടി രൂപയും ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്.

(സി) 2014-15-ലെ സംസ്ഥാന പദ്ധതിച്ചെലവിന്റെ 75.18 ശതമാനവും 2015-16-ൽ നാളിതുവരെ സംസ്ഥാന പദ്ധതിച്ചെലവിന്റെ 15.39 ശതമാനവും തുക ട്രഷറി കണക്ക് പ്രകാരം ചെലവായിട്ടുണ്ട്.

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

54 (1428) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നൂറു ദിവസം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം ജില്ല തിരിച്ച് നൽകാമോ;

(ബി) ഇത്തരത്തിലുള്ള കുടുംബങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് ബഡ്ജറ്റിലൂടെപ്രഖ്യാപിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; അവ വിതരണം ചെയ്തിട്ടുണ്ടോ?

ഉത്തരം

(എ) അനുബന്ധം *ആയി ചേർത്തിരിക്കുന്നു.

(ബി) 2012-13-ലെ ബഡ്ജറ്റിൽ തൊഴിലുറപ്പ് പദ്ധതിയിൽ 2011-12 വർഷം 100 ദിവസം പണിയെടുത്ത സ്ത്രീ തൊഴിലാളികൾക്ക് കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യത്തിന് 1,000 രൂപ നിരക്കിൽ ഒറ്റത്തവണ ധനസഹായം പ്രഖ്യാപിച്ചിരുന്നു. 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ, പ്രതിവർഷം 100 ദിവസം തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന എല്ലാ തൊഴിലാളികൾക്കും ഒരു പുതിയ പെൻഷൻ പദ്ധതിയും 100 ദിവസം പണിയെടുത്ത എല്ലാ സ്ത്രീ തൊഴിലാളികൾക്കും 400 രൂപയിൽ അധികരിക്കാത്ത തുകയ്ക്കുള്ള ഓണക്കോടി വിതരണം ചെയ്യുമെന്നും പ്രഖ്യാപിച്ചിരുന്നു. ഇതിൽ, പെൻഷൻ പദ്ധതി ഒഴികെയുള്ള പ്രഖ്യാപനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.